(ഇ) 12-4-1999-ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾ പ്രകാരം ഫാർമസിസ്റ്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത എൻ.സി.പി. കോഴ്സ് ആണ്. പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ എൻ.സി.പി. കോഴ്സ് പാസ്സായവരെ ലഭിക്കാതിരുന്നതിനാലാണ് 12-4-1999-നുശേഷം ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് പെൻഷൻപറ്റിയവരെ ദിവസ വേതന പ്രകാരം നിയമിച്ചിട്ടുള്ളത്.

(എഫ്) ട്രെയിനിംഗ് നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സബ് രജിസ്ട്രാർ ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി

171 (3126) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) കോന്നമംഗലം നിയോജകമണ്ഡലത്തിലെ ശ്രീമൂലനഗരം സബ് രജിസ്ട്രാർ ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കമ്പ്യൂട്ടർവൽക്കരണം എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 103 സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്.

(സി) സോഫ്റ്റ്വെയറിന്റെ ട്രയൽ റൺ നടന്നുവരുന്നു. ഉടനേ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ കുറയ്ക്കാൻ നടപടി

172 (3127) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ഥലങ്ങളുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ചാർജ്ജ് ഇനത്തിലും ഗ്രാമങ്ങളിലും നഗരങ്ങളിലും നിലവിൽ എത്ര ശതമാനം തുകയാണ് ഈടാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) വർദ്ധിച്ച സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീ എന്നിവമൂലം വിലയിൽ കുറവ് കാണിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതുമൂലം വൻ ധനനഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ താഴെ പറയുന്ന നിരക്കിലാണ് സ്റ്റാമ്പ് ഡ്യൂട്ടി, സർചാർജ്ജ്, രജിസ്ട്രേഷൻ ഫീ എന്നിവ ഈടാക്കുന്നത്.

	സ്റ്റാമ്പ് ഡ്യൂട്ടി	സർചാർജ്ജ്	രജിസ്ട്രേഷൻ ഫീ	ആകെ
1. പഞ്ചായത്ത്	6%	4%	2%	12%
2. മുനിസിപ്പാലിറ്റി	8½%	4%	2%	14½%
3. കോർപ്പറേഷൻ	8½%	5%	2%	15½%

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബ്ലോക്കുതല പഞ്ചായത്തുകൾക്ക് നൽകിയ പദ്ധതി വിഹിതം

173 (3128) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് ബ്ലോക്കുതല പഞ്ചായത്തുകൾക്ക് നൽകിയ പദ്ധതിവിഹിതമായി എത്ര കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത് ;

(ബി) ഈ വിഹിതം ബ്ലോക്കുപഞ്ചായത്തുകൾക്ക് വീതം വച്ചു നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) ഇതുപ്രകാരം ഏറ്റവും കൂടുതൽ പദ്ധതി വിഹിതം ലഭിച്ച ബ്ലോക്കു പഞ്ചായത്തും ഏറ്റവും കുറവ് പദ്ധതി വിഹിതം ലഭിച്ച ബ്ലോക്കു പഞ്ചായത്തും ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 17,890.30 ലക്ഷം രൂപ പദ്ധതി സഹായമായി നീക്കിവച്ചിട്ടുണ്ട്. (പൊതുവിഭാഗം-12,367.65 ലക്ഷം, പ്രത്യേക ഘടക പദ്ധതി 4,641.98 ലക്ഷം, പട്ടികവർഗ്ഗ ഉപപദ്ധതി 880.67 ലക്ഷം)

(ബി) ബ്ലോക്കു പഞ്ചായത്തുകളുടെ പദ്ധതിവിഹിതം വീതം വയ്ക്കുന്നത് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്.

1. ജനസംഖ്യ (പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഒഴിച്ചുള്ളത്) - 60%
2. പട്ടികവർഗ്ഗ ജനസംഖ്യയ്ക്ക് - 5%
3. വനപ്രദേശങ്ങളൊഴിച്ചുള്ള ഭൂപ്രദേശത്തിന് - 10%

LIBRARY ARCHIVES Kerala Legislative Assembly